# 13-ാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ: 6239 09/07/2013-ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗയുവജനങ്ങൾക്കായി ഭാരതദർശൻ സംഘടിപ്പിക്കുവാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. സണ്ണി ജോസഫ് | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ യുവജനങ്ങൾക്കായി ഭാരത ദർശൻ സംഘടിപ്പിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 2012-13 അധ്യയന വർഷം SSLC പരീക്ഷയിൽ ഉന്നത വിജയം കൈവരിച്ച 30 ആൺകുട്ടികളേയും 30 പെൺകുട്ടികളേയും തെരെഞ്ഞെടുത്ത് ഇൻഡ്യൻ റയിൽവെയുടെ IRCTC യുമായി സഹകരിച്ച് ഭാരത ദർശൻ പരിപാടി നടത്തിയിരുന്നു. കൂടാതെ യുവജന ക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 2013-14 വർഷം 10 ലക്ഷം രൂപ ചെലവിൽ ഒരു ഭാരതദർശൻ യാത്രാ പരിപാടിയ്ക്കും രൂപം നൽകിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാമാണ്; വിശദാംശങ്ങളെന്തെല്ലാം; | (ബി) | ഭാരതത്തിന്റെ വൈവിധ്യമാർന്ന പാരമ്പര്യം, സംസ്ക്കാരം, സാമൂഹികമായും സാമ്പത്തികമായുമുള്ള വളർച്ച, ഇൻഡ്യയിലെ ചരിത്ര പ്രസിദ്ധ സ്ഥലങ്ങൾ, സ്ഥാപനങ്ങൾ, ഇൻഡ്യൻ പാർലമെന്റ് , രാഷ്ട്രപതി ഭവൻ തുടങ്ങിയവ |

| | | | |
|---|---|---|---|
| | | | നേരിൽക്കണ്ട് അവബോധം ഉണ്ടാക്കുക, രാജ്യ സ്നേഹവും ആത്മാഭിമാനവും വളർത്തുക എന്നിവയാണ് ഭാരതദർശൻ പരിപാടിയുടെ ഉദ്ദേശ്യം. |
| (സി) | എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിനു വേണ്ടി ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) & (ഡി) | ഇതിനായി കേന്ദ്ര സഹായം ലഭിച്ചിട്ടില്ല. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | | |

സെക്ഷൻ ആഫീസർ